# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 414 – 03/03/2020 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനുള്ള ധനസഹായം

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സംസ്ഥാനത്തെ ബാങ്കുകളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഇവർക്ക് എത്ര രൂപയാണ് സഹായധനമായി നൽകിയിട്ടുള്ളത്; ഇതിന്റെ ബാങ്ക് തിരിച്ചുള്ള പട്ടിക നൽകാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ആകെ അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്ത് ലഭ്യമാക്കിയ 19901 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 195.57 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ